**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 938** **12-06-2024 - ൽ മറുപടിയ്ക്ക്**

**വനഭൂമിയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനവിസ്തൃതി ഓരോ വർഷം കഴിയുംതോറും കുറഞ്ഞു വരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമിയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും അതുവഴി വനവിസ്തൃതിയിൽ വന്ന മാറ്റങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമിയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>• വനം കയ്യേറ്റം ചെറുക്കുന്നതിനും വനഭൂമിയുടെ സംരക്ഷണത്തിനുമായി വനാതിർത്തിയിൽ ജണ്ടകൾ കെട്ടി സംരക്ഷിച്ചുവരുന്നു. കൂടാതെ വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>• ശോഷിതമേഖലകളിലും, നദീതടങ്ങളിലും വനവൽക്കരണം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.<br>• വി.എസ്.എസ് അംഗങ്ങളെ കൂടി ഉൾപ്പെടുത്തി കാട്ടുതീ പോലുള്ള വിപത്തുകൾ തടയുന്നതിന് ഫയർലൈൻ, ഫയർഗ്യാംഗുകൾ എന്നിവ ഫലവത്തായി നടത്തിവരുന്നു.<br>• വനസംരക്ഷണ ജീവനക്കാർ വനഭൂമിയിൽ പട്രോളിംഗ്, കാടിനുള്ളിൽ ക്യാമ്പുകൾ, സംയുക്ത റെയ്ഡുകൾ, നൈറ്റ് പട്രോളിംഗ് എന്നിവ നടത്തുന്നുണ്ട്.<br>• വനത്തിനുള്ളിൽ വിസ്റ്റ ക്ലിയറിംഗ്, റോഡ്, ട്രക്ക് പാത്ത് നവീകരണം, കുളം, ചെക്ക്ഡാം നിർമ്മാണം, വിദേശ കള നീക്കം ചെയ്യൽ, പരിസ്ഥിതി ബോധവൽക്കരണ ക്ലാസുകൾ കൂടാതെ ചാരായം, കഞ്ചാവ് റെയ്ഡുകൾ എന്നീ കർമ്മ പദ്ധതികൾ നടത്തിവരുന്നു.<br>• വനങ്ങളുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ക്യാമ്പിംഗ്, പെരാമ്പുലേഷൻ എന്നിവ നടത്തിയും, M-Stripes മോണിറ്ററിംഗ് മുഖേനെയും Real Time ക്യാമറകൾ സ്ഥാപിച്ച് |

| | | | |
|---|---|---|---|
| | | | നിരീക്ഷണം നടത്തിയും വനസംരക്ഷണം കാര്യക്ഷമമായി നടത്തിവരുന്നു.<br>• കൂടാതെ എല്ലാ മാസവും ഉൾവനങ്ങളിൽ വനസംരക്ഷണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ക്യാമ്പുകൾ നടത്തി വരുന്നതിനാൽ വനം കയ്യേറ്റങ്ങൾ, വനംകൊള്ള, വനവിഭവങ്ങളുടെ ചൂഷണം എന്നിവ തടയാൻ കഴിയുന്നു.<br>• സുസ്ഥിരമായ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ആദിവാസി സമൂഹം ഉൾപ്പെടെയുള്ള തദ്ദേശവാസികൾ ഉൾപ്പെടുന്ന ഇക്കോ ഡവലപ്മെന്റ് കമ്മറ്റികളുടെ പങ്കാളിത്തവും ഉറപ്പ് വരുത്തുന്നുണ്ട്.<br>• മേൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതുമൂലം കഴിഞ്ഞ 4 വർഷങ്ങളിലായി വനവിസ്തൃതി വർദ്ധിച്ചിട്ടുണ്ട്. 2018-19 മുതൽ 2021-22 വരെയുള്ള ഭരണറിപ്പോർട്ടുകൾ പ്രകാരം കഴിഞ്ഞ 4 വർഷത്തെ വനവിസ്തൃതിയുടെ വിവരം ചുവടെ ചേർക്കുന്നു. |

| **വർഷം** | **വനവിസ്തൃതി** |
|---|---|
| 2018-19 | 11520.058 |
| 2019-20 | 11521.993 |
| 2020-21 | 11524.149 |
| 2021-22 | 11531.139 |

സെക്ഷൻ ഓഫീസർ